ടി.എൻ.ഇ.എ 2024: റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ചെന്നൈ: തമിഴ്നാട് എൻജിനീയറിങ് അഡ്മിഷൻ (ടി.എൻ.ഇ.എ) റാങ്ക് ലിസ്റ്റ് ചെന്നൈയിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് പ്രഖ്യാപിച്ചു. വിദ്യാർഥികൾക്കു വെബ്സൈറ്റിൽ റാങ്ക് ലിസ്റ്റ് ലഭ്യമാണ്. മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്നവർ കൗൺസലിങ്ങിന് യോഗ്യത നേടും.

പരീക്ഷാഫലം കാണാൻ tneaonline.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഹോംപേജിലെ 'റാങ്ക് ലിസ്റ്റ്' ലിങ്ക് തെരഞ്ഞെടുക്കുക. ആവശ്യമായ വിശദാംശങ്ങൾ നൽകുക. റാങ്ക് ലിസ്റ്റ് ലഭ്യമാകും.

കാർ മോഷണത്തിന്റെ 'തലസ്ഥാനമായി' കാനഡ

ഓരോ അഞ്ചു മിനിറ്റിലും ഒരു കാർ! കാനഡയിലെ കാർ മോഷണത്തിന്റെ കണക്കാണിത്. ഒരേ ഉടമയുടെ കാറുകൾ രണ്ട് തവണ മോഷണംപോയ സംഭവങ്ങളുമുണ്ട്.

***

2022 ഒക്ടോബറിലെ പ്രഭാതത്തിൽ ലോഗൻ ലാഫ്രെനിയർ ഞെട്ടി. അദ്ദേഹത്തിന്റെ പുതിയ റാം റെബൽ ട്രക്ക് കാണാതായി!

ഒന്റാറിയോയിലെ മിൽട്ടണിലെ വീട്ടുവളപ്പിൽ ഇരുട്ടിന്റെ മറവിയിൽ മുഖംമൂടി ധരിച്ച രണ്ട് ആളുകളെത്തിയതിന്റെ ദൃശ്യങ്ങൾ അദ്ദേഹത്തിന്റെ വീട്ടിലെ സുരക്ഷാ ക്യാമറയിൽ പതിഞ്ഞിട്ടുണ്ട്. അവർ അതിവേഗം വാഹനവുമായി കടന്നു കളയുന്നതും ദൃശ്യത്തിലുണ്ട്.

ഏതാനും മാസങ്ങൾക്ക് ശേഷം, അതേ ട്രക്ക് ഘാന കേന്ദ്രീകരിച്ചുള്ള ഒരു വെബ് സൈറ്റിൽ പ്രത്യക്ഷപ്പെട്ടു, ഏകദേശം 8,500 കിലോമീറ്റർ അകലെ...

മകനുവേണ്ടി ട്രക്കിന്റെ ഡ്രൈവിങ് സീറ്റിന്റെ പിൻഭാഗത്ത് അദ്ദേഹം സ്ഥാപിച്ച ലാപ്ടോപ്പ് ഹോൾഡറും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ചിത്രത്തിലുണ്ടായിരുന്നു.

'അതെന്റെ വാഹനമാണെന്ന കാര്യത്തിൽ യാതൊരു സംശയവും ഉണ്ടായിരുന്നില്ല. അതിൽ ഉപേക്ഷിച്ച മാലിന്യത്തിന്റെ ചിത്രം പോലും ആ വെബ്സൈറ്റിലുണ്ടായിരുന്നു.'

2022 ൽ കാനഡയിൽ 1,05,000 കാറുകളാണു മോഷ്ടിക്കപ്പെട്ടത്. ഓരോ അഞ്ച് മിനിറ്റിലും ഒരു കാർ എന്ന നിലയിൽ. ഇരകളിൽ കാനഡയുടെ ഫെഡറൽ ജസ്റ്റിസ് മന്ത്രിയും ഉൾപ്പെടുന്നു, അദ്ദേഹത്തിന്റെ ഔദ്യോഗിക വാഹനമായ ടൊയോട്ട ഹൈലാൻഡർ എക്സ്.എൽ.ഇ രണ്ട് തവണയാണു മോഷ്ടിക്കപ്പെട്ടത്.

ഇന്റർപോൾ പട്ടികയിൽ ലോകത്ത് ഏറ്റവും കാർ മോഷണം നടക്കുന്ന രാജ്യങ്ങളിലൊന്നാണു കാനഡ. 137 രാജ്യങ്ങളുടെ പട്ടികയിലാണ് ആ രാജ്യം മുന്നിലെത്തിയത്.

മോഷ്ടിക്കപ്പെടുന്ന കാറുകളിൽ കൂടുതലുമെത്തുന്നത് ക്രിമിനലുകളുടെ കൈവശമാണ്. ചിലത് ആ രാജ്യത്തുതന്നെ വിറ്റഴിക്കും. അല്ലെങ്കിൽ വിദേശത്തേക്കു കടത്തും.

ഫെബ്രുവരി മുതൽ കാനഡയിൽനിന്ന് മോഷ്ടിക്കപ്പെട്ട 1,500 ലധികം കാറുകൾ വിവിധ രാജ്യങ്ങളിൽ കണ്ടെത്തി. കഴിഞ്ഞ ആഴ്ച മാത്രം കണ്ടെത്തിയത് 200 കാറുകൾ!

കാർ മോഷണത്തെ 'ദേശീയ പ്രതിസന്ധി'യായി ഇൻഷുറൻസ് ബ്യൂറോ ഓഫ് കാനഡ പ്രഖ്യാപിച്ചിട്ടുണ്ട്, കഴിഞ്ഞ വർഷം വാഹന മോഷണ ക്ലെയിമുകളിൽ ഇൻഷുറൻസ് കമ്പനികൾക്ക് 9,189 കോടി രൂപയിലധികം നൽകേണ്ടിവന്നു.

യു.എസുമായും യു.കെയുമായും താരതമ്യപ്പെടുത്തുമ്പോൾ കാനഡയിലെ കാർ മോഷണങ്ങളുടെ വ്യാപ്തി ആശ്ചര്യകരമാണെന്ന് യു.എസ്. ബ്യൂറോ ഓഫ് ജസ്റ്റിസ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ അലക്സിസ് പികെറോ പറഞ്ഞു.

കോവിഡിനുശേഷം യു.എസ്., കാനഡ, യുകെ എന്നിവിടങ്ങളിൽ കാർ മോഷണങ്ങളിൽ വർധന ഉണ്ടായിട്ടുണ്ടെന്നാണു കണക്ക്.

കാനഡയിലെ മോഷണ നിരക്ക് (100,000 ആളുകൾക്ക് 262.5) ആണ്. ബ്രിട്ടനിൽ ഇത് 100,000 ആളുകൾക്ക് 220 ആണ്.

രാജ്യാന്തര തലത്തിൽ ചില കാർ മോഡലുകൾക്കുള്ള ആവശ്യം കൂടിയിട്ടുണ്ട്. സംഘടിത കുറ്റവാളികൾക്ക് വാഹന മോഷണം മികച്ച വരുമാനമായി മാർഗമായി മാറാനുള്ള കാരണമായതായി കനേഡിയൻ ഓട്ടോമൊബൈൽ അസോസിയേഷനിലെ ഗവൺമെന്റ് റിലേഷൻസ് ഡയറക്ടർ എലിയട്ട് സിൽവർസ്റ്റൈൻ പറഞ്ഞു. കാനഡയിലെ തുറമുഖങ്ങളുടെ പ്രവർത്തന രീതിയിലും പ്രശ്നമുണ്ട്. രാജ്യത്ത് നിന്ന് പുറത്തുപോകുന്നതിനേക്കാൾ രാജ്യത്തേക്ക് വരുന്ന വസ്തുക്കളിലാണ് അധികാരികൾ കൂടുതൽ ശ്രദ്ധിക്കുന്നത്. ഒരു തുറമുഖത്ത് വാഹനങ്ങൾ ഷിപ്പിങ് കണ്ടെയ്നറുകളിൽ പായ്ക്ക് ചെയ്തുകഴിഞ്ഞാൽ കാര്യമായ പരിശോധന ഉണ്ടാകില്ല.

ഒക്ടോബറിൽ ടൊറന്റോ പോലീസ് സർവീസ് നടത്തിയ അന്വേഷണത്തിൽ ഏകദേശം 367 കോടി രൂപ വിലമതിക്കുന്ന 1,080 വാഹനങ്ങൾ കണ്ടെടുത്തു. 550 ലധികം കേസുകൾ ചുമത്തി.

ഡിസംബർ പകുതിക്കും മാർച്ച് അവസാനത്തിനും ഇടയിൽ, 400 ഷിപ്പിങ് കണ്ടെയ്നറുകൾ പരിശോധിച്ച ശേഷം മോണ്ട്രിയൽ തുറമുഖത്ത് നിന്ന് അറുന്നൂറോളം മോഷ്ടിച്ച വാഹനങ്ങൾ ബോർഡർ, പോലീസ് ഉദ്യോഗസ്ഥർ കണ്ടെത്തി.

എങ്കിലും, ആ തുറമുഖത്തിലൂടെ നീങ്ങുന്ന ചരക്കുകളുടെ അളവ് കണക്കിലെടുക്കുമ്പോൾ പിടിയിലാകുന്നവയുടെ എണ്ണം വളരെ കുറവാണെന്നാണു വാദം. 2023 ൽ മാത്രം ഏകദേശം 17 ലക്ഷം കണ്ടെയ്നറുകൾ മോൺട്രിയൽ തുറമുഖം വഴി നീങ്ങി.

മിക്ക കേസുകളിലും കണ്ടെയ്നറുകൾ പരിശോധിക്കാൻ പോർട്ട് ജീവനക്കാർക്ക് അധികാരമില്ല, കസ്റ്റംസ് നിയന്ത്രിത പ്രദേശങ്ങളിൽ അതിർത്തി ഉദ്യോഗസ്ഥർക്ക് മാത്രമേ വാറന്റ് ഇല്ലാതെ കണ്ടെയ്നർ തുറക്കാൻ കഴിയൂ.

അതേസമയം, കാനഡ ബോർഡർ സർവീസസ് ഏജൻസി (സി.ബി.എസ്.എ) ജീവനക്കാരുടെ കുറവ് നേരിടുന്നുണ്ടെന്ന് ഏപ്രിലിൽ യൂണിയൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

കാനഡയിൽ മോഷ്ടിക്കപ്പെടുന്ന വാഹനങ്ങൾ പലപ്പോഴും മോൺട്രിയൽ പോലുള്ള തുറമുഖങ്ങൾ വഴി വിദേശത്തേക്ക് അയയ്ക്കുന്നു

കാലഹരണപ്പെട്ട സാങ്കേതികവിദ്യയും ഒരു പ്രശ്നമാണ്. യു.എസ്. അധികാരികൾക്ക് 'സ്കാനറുകൾ' ഉപയോഗിച്ചാണ് പരിശോധന നടത്തുന്നത്. കാനഡയിൽ ആ സൗകര്യമില്ല.

ഷിപ്പിങ് കണ്ടെയ്നറുകൾ പരിശോധിക്കാനുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് ലക്ഷക്കണക്കിന് ഡോളർ നിക്ഷേപിക്കുമെന്ന് മേയ് മാസത്തിൽ കനേഡിയൻ സർക്കാർ പ്രഖ്യാപിച്ചിരുന്നു. അവരുടെ കമ്യൂണിറ്റികളിലെ വാഹന മോഷണം തടയാൻ പോലീസിന് അധിക പണവും ലഭിക്കും. പക്ഷേ, പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല.

ലാഫ്രെനിയറിനെപ്പോലുള്ള കാർ ഉടമകൾ ഇപ്പോഴും അവരുടെ വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാൻ എന്തു ചെയ്യണമെന്ന് ആശയക്കുഴപ്പത്തിലാണ്. റാം റെബൽ ട്രക്ക് മോഷ്ടിക്കപ്പെട്ടതിനുശേഷം, അദ്ദേഹം പകരം ഒരു ടൊയോട്ട ടണ്ട്ര ഉപയോഗിച്ചു.

മോഷ്ടാക്കൾക്ക് കാർ എളുപ്പത്തിൽ സ്റ്റാർട്ട് ചെയ്യാൻ കഴിയാത്തത് തടയാൻ ഇത്തവണ അദ്ദേഹം അതിൽ എൻജിൻ ഇമ്മൊബിലൈസർ സ്ഥാപിച്ചു. മോഷ്ടിക്കപ്പെട്ടാൽ കണ്ടെത്താൻ ടാഗ് ട്രാക്കർ സജ്ജീകരിക്കുകയും ചെയ്തു. എങ്കിലും മോഷ്ടാക്കളെത്തി. കാറിന്റെ ഉള്ളിൽകടക്കാൻ അവർ ബുദ്ധിമുട്ടി. ബഹളംകേട്ട് അദ്ദേഹം പോലീസിനെ വിവരമറിയിച്ചു. അവർ എത്താനെടുത്ത നാല് മിനിറ്റിനുള്ളിൽ മോഷ്ടാക്കൾ ഓടി രക്ഷപ്പെട്ടു.

തന്റെ പുതിയ ട്രക്ക് നന്നാക്കാൻ അദ്ദേഹം പണം നൽകി, തുടർന്ന് അത് വിറ്റു.

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

രജി.ഓഫീസ്: 11ം നില, ടവർ എ, പെറിൻസ്യുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഎച്ച് 17, ലുലു മാളിനു സമീപം, കൊച്ചി 682024, കേരളം.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) നൊപ്പം റൂൾ 8(6) പ്രകാരം

സെക്യൂരൈറ്റേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) നൊപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ച് സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പറയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ (ടിസിഎച്ച്എഫ്എൽ), അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വീണ്ടെടുപ്പില്ലാത്ത വിധത്തിൽ 29-07-2024 ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും/ നിരതദ്രവ്യവും ചുവടെ പരാമർശിച്ചിരിക്കുന്നു. വിൽപന നീട്ടിവെക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സുരക്ഷിതമായ ആസ്തി/വസ്തു 29-07-2024 ന് ന് ഉച്ചയ്ക്ക് 2.00 മണിക്ക് ഇലേലം വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ ടിസിഎച്ച്എഫ്എഫ്എൽ ന്റെ അംഗീകൃത ഓഫീസർക്ക് 27-07-2024 ന് വൈകുന്നേരം 5.00 മണി വരെയോ അതിനു മുമ്പോ ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ ജെയിൻ ടവർ-2, ലുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരളം എന്ന ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. , സുരക്ഷിതവസ്തുവിന്റെ/സ്ഥാവരവസ്തുവിന്റെ വിൽപന എന്താണോ അത് എന്ന വ്യവസ്ഥയനുസരിച്ച താഴെപ്പറയുന്ന സംക്ഷിപ്ത വിവരപ്രകാരം ആയിരിക്കും.

ക്രമ നം.	ലോൺ അക്കൗണ്ട് നമ്പർ	ബാധ്യതക്കാരൻ/നിയമപരമായ അവകാശി/നിയമപരമായ പ്രതിനിധിയുടെ പേര്	ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	കരുതൽ തുക	നിരതദ്രവ്യം	ഏറ്റെടുക്കൽ സ്വഭാവം
1.	TCHHL047200010006939 3 & TCHIN0472000100069588	ശ്രീമതി അശ്വതി ബി, ശ്രീ.സുരേഷ്കുമാർ കെ.	ലോൺ അക്കൗണ്ട് നമ്പർ TCHHL0472000100069393 പ്രകാരം രൂപ. 1897747/- ഉം ലോൺ അക്കൗണ്ട് നമ്പർ TCHIN0472000100069588 പ്രകാരം രൂപ. 71262/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക രൂപ. 1969009/- കുടിശികയാണ്. 14-07- 2022 പ്രകാരം	രൂപ. 11,50,000/- (രൂപ പതിനൊന്നു ലക്ഷത്തി അൻപതിനായിരം മാത്രം)	രൂപ. 1,15,000/- (ഒരു ലക്ഷത്തി പതിനയ്യായിരം മാത്രം)	ഭൗതികം

സ്ഥാവര സ്വത്തിന്റെ വിവരണം: ക്രമനമ്പർ 1 വസ്തുവും മുഴുവൻ ഭാഗവും: ജില്ല: തിരുവനന്തപുരം, ഉപ ജില്ല: മലയിൻകഴു. താലൂക്ക്: കാട്ടാക്കട, വില്ലേജ്: വിളപ്പിൽ, പരിധി: വിളപ്പിൽ പഞ്ചായത്ത്, ദേശം/കര/മുറി: പുന്നത്തനത്തുമൂറി / പെരുമ്പിക്കോണം, പഞ്ചായത്ത്: വിളപ്പിൽ., റീസർവ്വേ ബ്ലോക്ക്നമ്പർ.: 1, റീസർവ്വേ നമ്പർ: 252, റീസർവ്വേ സബ് ഡിവിഷൻ: 13, പഴയ സർവ്വേനമ്പർ: 363, പഴയ സർവ്വേ സബ് ഡിവിഷൻ: 1-22-ബി, വിസ്തൃതി (ആർ) : 4 ആർ.14 ചതുരശ്ര മീറ്റർ, അവകാശത്തിന്റെ സ്വഭാവം: ജന്മം, ഭൂമിയുടെ സ്വഭാവം: പുരയിടം, വിൽപ്പനക്കാരൻ തണ്ടപ്പേർ: 23639. വസ്തുവകകളുടെ വിവരണം: കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജ് ബ്ലോക്ക് നമ്പർ 1ലെ പഴയ സർവ്വേ നമ്പർ 363/1-22-ബി, റീസർവ്വേ നമ്പർ: 252/13 ൽ 4.14 ആർ വസ്തുവും മുഴുവൻ ഭാഗവും, ഒപ്പം തിരുവനന്തപുരം രജിസ്ട്രേഷൻ ജില്ലയിലെ മലയിൻകീഴ് സബ് രജിസ്ട്രേഷൻ ജില്ലയിൽ സെയിൽ ഡീഡ് നമ്പർ.3154/2020 തീയതി 19-11-2020 യായി ശ്രീ.സുരേഷ് കുമാർ കെ, ശ്രീമതി അശ്വതി ബി എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പറഞ്ഞിരിക്കുന്ന എല്ലാ അവകാശങ്ങളും സഹിതം. അതിരുകൾ: കിഴക്ക്: ഉദയകുമാറിന്റെ സ്വത്തുക്കൾ, വടക്ക്: പാത, പടിഞ്ഞാറ്: പഞ്ചായത്ത് റോഡ്, തെക്ക്: വിജയകുമാറിന്റെ വസ്തു.

2.	100063501 & 100063502	ശ്രീമതി പുഷ്പ സി. ശ്രീ.രാജൻ സി. അമ്മ എൻജിനീയറിങ് വർക്സ്	ലോൺ അക്കൗണ്ട് നമ്പർ 100063501 പ്രകാരം രൂപ. 2332111/- ഉം ലോൺ അക്കൗണ്ട് നമ്പർ 100063502 പ്രകാരം രൂപ. 153241/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക 2485352/- (രൂപ ഇരുപത്തിനാല് ലക്ഷത്തി എൺപത്തിയയ്യായിരത്തി മുന്നൂറ്റി അൻപത്തി രണ്ട് മാത്രം) & 15-02-2022	രൂപ. 21,90,000/- (രൂപ ഇരുപത്തിയൊന്നു ലക്ഷത്തി തൊണ്ണൂറായിരം മാത്രം)	രൂപ. 2,19,000/- (രണ്ടു ലക്ഷത്തി പത്തൊമ്പതിനായിരംമാത്രം)	ഭൗതികം

സ്ഥാവര സ്വത്തിന്റെ വിവരണം:ക്രമനമ്പർ: 1, ജില്ല: തിരുവനന്തപുരം, , ഉപജില്ല: ഊരൂട്ടമ്പലം, താലൂക്ക്: കാട്ടാക്കട, ഗ്രാമം: മാറനല്ലൂർ, ദേശം: മാറനല്ലൂർ, പഞ്ചായത്ത്: മാറനല്ലൂർ, റീസർവ്വേ ബ്ലോക്ക് നമ്പർ: 10, റീസർവ്വേ നമ്പർ: 15, റീസർവ്വേ സബ് ഡിവിഷൻ: 4, പഴയ സർവ്വേ നമ്പർ: 205, പഴയ സർവ്വേ സബ് ഡിവിഷൻ നമ്പർ: 4 ബി, വിസ്തീർണ്ണം (ആർ / ചതുരശ്ര മീറ്റർ): 2 ആർ 2 ചതുരശ്ര മീറ്റർ, അവകാശത്തിന്റെ സ്വഭാവം -തരം: ജെൻമം - പുരയിടം, വിൽപ്പനക്കാരൻ തണ്ടപ്പേർ നമ്പർ: 15734.
കാട്ടാക്കട താലൂക്കിലെ മാറനല്ലൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ.10, പഴയ സർവേ നമ്പർ 205/04 ബി, റീസർവേ നമ്പർ 15/4 എന്നിവയിൽ 2.02 ആർസ്ഥാവര വസ്തുക്കളും മുഴുവൻ ഭാഗങ്ങളും, കുടാതെ, മാറനല്ലൂർ പഞ്ചായത്തിൽ കെട്ടിടനമ്പർ എംപി ഐ/482എഫ് കെട്ടിടവും, തിരുവനതപുരം ജില്ലയിൽ ഊരൂട്ടമ്പലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 604/1/2020 സെയിൽ ഡീഡിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ അവകാശങ്ങളും സഹിതം. അതിരുകൾ: കിഴക്ക്: സകാര്യ റോഡ്, വടക്ക്: കനാൽ, പടിഞ്ഞാറ്: ഇന്ദിരാദേവിയുടെ സ്വത്ത്, തെക്ക്: മൃദുല ദേവിയുടെ സ്വത്ത്.

3.	9881896 & 9945137	ശ്രീ. ഷഹർ അബ്ദുൾ ജബ്ബാർ, ശ്രീമതി. ഷെറിൻ എ	ലോൺ അക്കൗണ്ട് നമ്പർ 9945137 പ്രകാരം രൂപ. 6962227/- ഉം ലോൺ അക്കൗണ്ട് നമ്പർ 9881896 പ്രകാരം രൂപ. 7609755/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക 14571982/- (രൂപ ഒരുകോടി നാല്പത്തിയഞ്ചു ലക്ഷത്തി എഴുപത്തിയൊന്നായിരത്തി തൊള്ളായിരത്തി എൺപത്തി രണ്ടു മാത്രം) & 09-03-2022	രൂപ. 60,00,000/- (രൂപ അറുപതു ലക്ഷംമാത്രം)	രൂപ. 6,00,000/- (ആറു ലക്ഷം മാത്രം)	ഭൗതികം

സ്ഥാവര സ്വത്തിന്റെ വിവരണം: ക്രമനമ്പർ 1 വസ്തുവും മുഴുവൻ ഭാഗവും: ജില്ല: കൊല്ലം, ഉപജില്ല: കൊട്ടിയം, താലൂക്ക്: കൊല്ലം, വില്ലേജ്: തഴുത്തല, പേരി: മൈലാവൂർ, പഞ്ചായത്ത്: തൃക്കോവിൽവട്ടം പഞ്ചായത്ത്, ബ്ലോക്ക് നമ്പർ: 23, റീസർവ്വേ നമ്പർ: 256 † 256, റീസർവ്വേ സബ് ഡിവിഷൻ : 21/4 & 20/5, സർവ്വേ നം. : 7004 & 7005, വിസ്തൃതി (ആർ/സ്കയർമീറ്റർ): 06.98 & 0.55, അവകാശത്തിന്റെ സ്വഭാവം- തരം: പാട്ടം - പുരയിടം, വിൽപ്പനക്കാരന്റെ തണ്ടപ്പേർ നമ്പർ: 14124. വസ്തുവിന്റെ വിവരണം: കൊല്ലം താലൂക്ക്, തഴുത്തല വില്ലേജിൽ സർവ്വേ നമ്പർ 7004, 7005 റീസർവ്വേ നമ്പർ: 256/21/4ൽ 06.98 ആർ വസ്തുവും റീസർവ്വേ നമ്പർ: 256/20/5 ൽ 00.55 ആർ വസ്തുവും ചേർത്ത് ആകെ 7.53 ആർ വസ്തുവും തൃക്കോവിൽവട്ടം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 19/1016 നമ്പർ കെട്ടിടവും, വഴിയുടെ അവകാശവും സഹിതം, കൊല്ലം രജിസ്ട്രേഷൻ ജില്ലയിൽ കൊട്ടിയം സബ് രജിസ്ട്രേഷൻ ജില്ലയിൽ. 11-07-2011ലെ സെയിൽ ഡീഡ് നമ്പർ.2853/2011ൽ കൊല്ലം രജിസ്ട്രേഷൻ ജില്ലയിലെ കൊട്ടിയം സബ്രജിസ്ട്രേഷൻ ജില്ലയിൽ ശ്രീ.ഷഹറിന്റെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതിരുകൾ: കിഴക്ക്: സഹദുള്ളയുടെ സ്വത്ത്, വടക്ക്: സക്കീറിന്റെയും മറ്റുള്ളവരുടെയും സ്വത്ത്. പടിഞ്ഞാറ്: റോഡ്, തെക്ക്: റോഡ്.
കുറിപ്പ്: ടിസിഎച്ച്എഫ്എൽ ന് എതിരെ (എസ്എ നം.391/2023) വായ്പക്കാരൻ സമർപ്പിച്ച എസ്എ, ഡിർആട്ടി 2ന് പരിഗണനയിലാണ്, പ്രസ്തുത കേസിൽ ടിസിഎച്ച്എഫ്എൽ ന് എതിരെ സ്റ്റേ ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.
ബിഡ് സമർപ്പിക്കുന്നതിന് മുമ്പ് ലേലക്കാർ കൃത്യമായ സൂക്ഷ്മത പുലർത്താൻ നിർദ്ദേശിക്കുന്നു. ലേലം വ്യവഹാരത്തിന്റെ ഫലത്തിന് വിധേയമായിരിക്കും.

4.	TCHHL047200010013818 1 & TCHIN0472000100140342	ശ്രീമതി ഷീജ എൻ പി, ശ്രീ.അയ്യപ്പൻ കെ.എസ്.	ലോൺ അക്കൗണ്ട് നമ്പർ TCHHL0472000100138181 പ്രകാരം രൂപ. 1129870/- ഉം ലോൺ അക്കൗണ്ട് നമ്പർ TCHIN0472000100140342 പ്രകാരം രൂപ. 92096/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക 1221966/- & 05-07-2023	രൂപ. 12,80,000/- (രൂപപന്ത്രണ്ടു ലക്ഷത്തി എൺപതിനായിരം മാത്രം)	രൂപ. 1,28,000/- (രൂപ ഒരു ലക്ഷത്തി ഇരുപത്തിയെണ്ണായിരം മാത്രം)	ഭൗതികം

സ്ഥാവര സ്വത്തിന്റെ വിവരണം: ക്രമനമ്പർ 1 വസ്തുവും മുഴുവൻ ഭാഗവും: ജില്ല: തിരുവനന്തപുരം, സബ് ജില്ല: വെള്ളറട, താലൂക്ക്: നെയ്യാറ്റിൻകര, വില്ലേജ്: വെള്ളറട, കര/ദേശം: കോവില്ലൂർ, പഞ്ചായത്ത്: വെള്ളറട, റീസർവ്വേ ബ്ലോക്ക് നമ്പർ: 34, റീസർവ്വേ നം: 469/19, സർവേ നമ്പർ: 767/1-5-5, വിസ്തൃതി (ആർ/സ്കയർ മീറ്റർ): 6 ആർ 7 സ്കയർ മീറ്റർ , അവകാശത്തിന്റെ സ്വഭാവം തരം: പണ്ടാരവകഡ്രൈ ലാൻഡ്, വിൽപനക്കാരൻ പട്ടയം നമ്പർ: 1383. വസ്തുവിവരം: നെയ്യാറ്റിൻകര താലൂക്കിലെ വെള്ളറട വില്ലേജിലെ സർവ്വേ നം: 767/1-5-5, റീസർവ്വേ നം:469/19 ൽ 6 ആർ 7 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വസ്തുവും മുഴുവൻ ഭാഗവും, ഒപ്പം വെള്ളറടപഞ്ചായത്തിലെ റസിഡൻഷ്യൽ കെട്ടിടവും വഴിയുടെ അവകാശവും സഹിതം. തിരുവനന്തപുരം രജിസ്ട്രേഷൻ ജില്ല വെള്ളറട സബ്രജിസ്ട്രേഷൻ ജില്ലയിൽ 25.07.2022 തീയതിയിായി 834/1/2022 സെയിൽ ഡീഡിൽ പറഞ്ഞിരിക്കുന്ന എല്ലാ അവകാശങ്ങളും ശ്രീ.അയ്യപ്പൻ കെ.എസ്., ശ്രീമതി.ഷീജ എൻ.പി എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിരുകൾ: കിഴക്ക്: താനത്തു വക വസ്തു, വടക്ക്: അനീഷിന്റെയും മറ്റുള്ളവരുടെയും സ്വത്ത്,പടിഞ്ഞാറ്: മൂന്ന് മീറ്റർ റോഡ് തെക്ക്: ചന്ദ്രികയുടെ സ്വത്ത്.

ലേലത്തിൽ, പൊതുജനങ്ങളെ പൊതുവെ അവരുടെ ബിഡ്(ക്കൾ) വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. വായ്പക്കാർ/സഹവായ്പക്കാർ എന്നിവർക്ക് ഇതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ മൊത്തം കുടിശ്ശിക തുടർപലിശ സഹിതം അടയ്ക്കാനുള്ള അവസാന അവസരം നൽകിയിരിക്കുന്നു. ഇല്ലെങ്കിൽ സ്ഥാവരവസ്തുക്കൾ ഷെഡ്യൂൾ അനുസരിച്ച് വിൽക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ പ്രകാരമുള്ള തുക, പലിശയും ചെലവും (വിൽപ്പനച്ചെലവ് ഉൾപ്പെടെ) ലേല തീയതിക്ക് മുമ്പ് അടച്ച് അംഗീകൃത ഓഫീസർക്ക് ടെൻഡർ ചെയ്യുകയോ അത്തരത്തിലുള്ള സുരക്ഷിതമായ വായ്പയും പലിശയും ചെലവും അടക്കമുള്ള അടച്ച തുക അദ്ദേഹത്തിന് തൃപ്തികരമാണെന്ന് തെളിയിക്കുകയോ ചെയ്യുന്ന പക്ഷം ഇ ലേലം നിർത്തുന്നതായിരിക്കും. ഈ വിൽപനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനോ മറ്റ് വ്യക്തിയോ, നേരിട്ടോ അല്ലാതെയോ ലേലം വിളിക്കരുതെന്നും അല്ലെങ്കിൽ വിറ്റ സ്ഥാവര സ്വത്തിൽ എന്തെങ്കിലും താൽപ്പര്യം നേടാൻ ശ്രമിക്കുകയോ ചെയ്യരുതാത്തതുമാകുന്നു. .
2002 ലെ സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും ഇനിപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായാണ് വിൽപ്പന.
ഇലേലം http://bankauctions.in/ എന്ന പോർട്ടലിലൂടെ 29-07-2024 ന് ഉച്ചയ്ക്ക് 2